കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# സാക്ഷരം

വാർത്താപത്രിക
2019 ആഗസ്റ്റ്






പാർശ്വവൽകൃത മേഖലയിലെ
സാക്ഷരതാപദ്ധതികൾ ഫലം കാണുന്നു

ആയിരം ദിനങ്ങൾക്കുള്ളിൽ
**സാക്ഷരരായത് 64,172 പേർ**

പുതിയ രജിസ്ട്രേഷൻ
**സാക്ഷരത - 63,338; തുല്യത - 1,22,916**

സാമൂഹ്യസാക്ഷരതാപദ്ധതികൾ
വ്യത്യസ്ത മേഖലകളിലേക്ക്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
സാക്ഷരം
വാർത്താപത്രിക

## സാക്ഷരതയുടെ വർത്തമാനങ്ങൾ

'അക്ഷരം തൊട്ടു തുടങ്ങാം നമുക്കൊരേ ആകാശം
വീണ്ടെടുക്കാം ഇന്നലെയോളം കണ്ട കിനാവുകൾ
ഈ ജന്മം തന്നെ നേടാം'

നിരക്ഷരർക്ക് ആവേശം പകർന്ന ഈ വരികൾ പിറന്നിട്ട് മൂന്നു പതിറ്റാണ്ടോളമാകുന്നു. ആകാശത്തിന്റെയും ഭൂമിയുടെയും നേരവകാശികളിൽ പലർക്കും ഇക്കാലമത്രയും കിനാവുകൾ രാപ്പനി തന്നെ ആയിരുന്നു. എന്നാലിന്ന്, അവർ സഫലമാകുന്ന സ്വപ്നങ്ങളോടൊപ്പം ചിരിക്കുകയാണ്. ഈ സർക്കാർ അവരുടെ കിനാവുകൾക്ക് ആശ്വാസത്തിന്റെ ആകാശങ്ങൾ തുറന്നു നൽകിയിരിക്കുന്നു. അവിടേക്ക് അക്ഷരത്തിന്റെ വെളിച്ചത്തിൽ അവർ നടന്നു കയറുകയാണിന്ന്.

ആദിവാസികൾ, ദളിതർ, കടലിന്റെ മക്കൾ, അതിഥിത്തൊഴിലാളികൾ, ട്രാൻസ്ജൻഡറുകൾ തുടങ്ങി അദൃശ്യരും അകറ്റിനിർത്തപ്പെട്ടവരുമായ മുഴുവൻ ജനവിഭാഗങ്ങളെയും സർക്കാർ ഒപ്പം കൂട്ടിയപ്പോൾ അവർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കി സാക്ഷരതാമിഷനും കൂടെ ചേർന്നു. ഇത്തവണ 'സാക്ഷരം' ഈ കൂട്ടായ്മയുടെ നേർക്കാഴ്ചയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, വിദ്യാർത്ഥികൾ, സംരംഭകർ, അധ്യാപകർ തുടങ്ങി നിരവധി പേരുടെ സഹകരണം ഈ നേട്ടങ്ങൾക്കു പിന്നിലുണ്ട്.

നമുക്കിനി അട്ടപ്പാടിയിലേക്കു പോകണം. അക്ഷരവെളിച്ചത്തിൽ അട്ടപ്പാടി ചിരിക്കുന്നതു കാണണം.

സ്നേഹത്തോടെ

ഡോ. പി.എസ്.ശ്രീകല
എഡിറ്റർ & ഡയറക്ടർ

എഡിറ്റർ **ഡോ. പി.എസ്.ശ്രീകല, ഡയറക്ടർ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസി. എഡിറ്റർ **ചിത്ര നാരായണൻ**
കവർ & ലേഔട്ട് **എസ്.വി.സനൂപ്**
കവർ ചിത്രം **വി.എസ്.പ്രശാന്ത്, എ.ആർ.അരുൺരാജ്**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
ടി.സി. 27/1461, കോൺവെന്റ് റോഡ്, കമ്മട്ടം ലെയ്ൻ,
വഞ്ചിയൂർ, തിരുവനന്തപുരം - 35









# സമഗ്രമായ വിജ്ഞാനം

## 'സമഗ്ര' ആദിവാസി സാക്ഷരതാപദ്ധതി

- ആദ്യഘട്ടം 100 ഊരുകളിൽ പൂർത്തിയായി
- ആദ്യഘട്ടത്തിൽ സാക്ഷരരായത് 1,996 പേർ
- രണ്ടാംഘട്ടം പദ്ധതി അടുത്ത 100 ഊരുകളിലേക്കുകൂടി വ്യാപിപ്പിച്ചു
- പുതിയ ബാച്ചിൽ സാക്ഷരതയ്ക്ക് 1,037 പുതിയ പഠിതാക്കൾ
- സാക്ഷരത കൈവരിച്ച 1,598 പേർ നാലാംതരം തുല്യതയിൽ
- 405 പേർ ഏഴാംതരം തുല്യതയിൽ
- പദ്ധതിയിൽ 100 ആദിവാസി ഇൻസ്ട്രക്ടർമാർ
- പദ്ധതി നടപ്പാക്കുന്നത് പട്ടികവർഗ വികസനവകുപ്പിന്റെ സഹായത്തോടെ
- പഠനകേന്ദ്രങ്ങളിൽ സാമൂഹ്യസാക്ഷരതാക്ലാസുകളും
- ജൂൺ 25, 26, 27 തീയതികളിൽ സമഗ്ര ഇൻസ്ട്രക്ടർമാർക്ക് റസിഡൻഷ്യൽ പരിശീലനം നടന്നു

### ഊരുകളിൽ നാല്, ഏഴ് തുല്യതാകോഴ്സ് തുടങ്ങി



# അക്ഷരം പകർന്ന ആത്മവിശ്വാസം

## 'വയനാട്' ആദിവാസി സാക്ഷരതാപദ്ധതി

- രണ്ടാംഘട്ടം 200 കോളനികളിലായി 4,324 നിരക്ഷരരെ കണ്ടെത്തി
- 3,487 പേരാണ് പഠിതാക്കളായി ക്ലാസുകളിലെത്തിയത്
- രണ്ടാംഘട്ടം വിജയകരമായി പൂർത്തിയായി
- പഠനം പൂർത്തിയാക്കിയവർക്ക് 2019 ജൂലൈ 7ന് മികവുത്സവം നടന്നു
- 3,179 പേർ മികവുത്സവത്തിൽ പങ്കെടുത്തു
- പദ്ധതിയിൽ അതത് കോളനിയിലെ പത്താംക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള 200 ആദിവാസി ഇൻസ്ട്രക്ടർമാർ
- മൂന്നാംഘട്ടം: വയനാട് ആദിവാസി മേഖലയിൽ സമ്പൂർണ സാക്ഷരതായജ്ഞം

**ഇതുവരെ സാക്ഷരരായത് 4,309 ▪ രണ്ടാംഘട്ടം മികവുത്സവത്തിൽ പങ്കെടുത്തത് 3,179**





**ഇതുവരെ സാക്ഷരരായത് 3,670 ▪ പുതിയ ബാച്ചിൽ പഠിക്കുന്നത് 1,347**

# പഠിക്കാം പഠിപ്പിക്കാം അതിരുകളില്ലാതെ

## 'അട്ടപ്പാടി' സാക്ഷരതാതുല്യതാപദ്ധതി

- അട്ടപ്പാടി സമ്പൂർണ സാക്ഷരതയിലേക്ക്
- മൂന്നാംഘട്ടത്തിൽ 156 ഊരുകളിൽ പദ്ധതി നടന്നുവരുന്നു
- സാക്ഷരതയ്ക്ക് 156 ഊരുകളിൽനിന്ന് 1,347 പേർ
- നാലാംതരം തുല്യതയ്ക്ക് 1,763 പേർ
- ആകെ 184 ഇൻസ്ട്രക്ടർമാർ
- 180 ഇൻസ്ട്രക്ടർമാർ പട്ടികവർഗ വിഭാഗത്തിൽ നിന്ന് (ഇരുള, മുഡുഗ, കുറുമ്പ വിഭാഗക്കാർ)
- ഇൻസ്ട്രക്ടർമാർ എല്ലാവരും പത്താംതരവും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവർ
- സമ്പൂർണ സാക്ഷരതാകാമ്പയിൻ: ആലോചനായോഗം ആഗസ്റ്റ് 13ന് അട്ടപ്പാടിയിൽ



# ചരിത്രം രചിച്ച് ട്രാൻസ്ജൻഡർ പഠിതാക്കൾ

## സമന്വയ ട്രാൻസ്ജൻഡേഴ്സിനുള്ള തുടർവിദ്യാഭ്യാസ പദ്ധതി

- വിജയികളെ അനുമോദിക്കാൻ സമന്വയ വിജയോത്സവം 2019 ജൂലൈ 17ന് തിരുവനന്തപുരം വി ജെ ടി ഹാളിൽ സംഘടിപ്പിച്ചു
- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് വിജയികൾക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്തു
- വിജയോത്സവത്തിന്റെ ഭാഗമായി 2019 ജൂൺ 17ന് ആരോഗ്യസെമിനാറും വിജയികളായ പഠിതാക്കളുടെ പഠനാനുഭവം പങ്കുവയ്ക്കലും നടന്നു
- സാമൂഹ്യസാക്ഷരതാപദ്ധതിയുടെ ഭാഗമായ പുരാരേഖാസർവേയിലും പങ്കാളികളായി ട്രാൻസ്ജൻഡർ പഠിതാക്കൾ
- ട്രാൻസ്ജൻഡർ പഠിതാക്കൾക്ക് സൗജന്യപഠനവും സ്കോളർഷിപ്പും

**പത്താംതരം തുല്യത വിജയിച്ചത് 21 ട്രാൻസ്ജൻഡർ പഠിതാക്കൾ**






- പത്തനംതിട്ടയിൽ പന്തളത്ത് ട്രാൻസ്ജൻഡർ പഠിതാക്കൾക്ക് സമന്വയ പഠനവീടും ഗ്രന്ഥശാലയും ആരംഭിച്ചു
- സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായ ത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്

## തുല്യതയിൽ 84 പുതിയ ട്രാൻസ്ജൻഡർ പഠിതാക്കൾ





**ഇതുവരെ സാക്ഷരരായത് 6,756 ▪ പുതിയ രജിസ്ട്രേഷൻ 3,168**

# കടലോളം അറിവോടെ

## 'അക്ഷരസാഗരം' തീരദേശ സാക്ഷരതാപദ്ധതി

- മൂന്നാംഘട്ടത്തിൽ ആലപ്പുഴ (1,202), കണ്ണൂർ (854), തൃശൂർ (1,112) ജില്ലകളിൽനിന്ന് ആകെ 3,168 പഠിതാക്കൾ പഠനം നടത്തുന്നു
- മൂന്നാംഘട്ടം പദ്ധതി നടക്കുന്നത് 138 വാർഡുകളിൽ
- ഒന്നാംഘട്ടം തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ 39 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 234 തീരദേശ വാർഡുകളിലായി 3,746 പഠിതാക്കൾ സാക്ഷരതാപരീക്ഷയും 1,605 പഠിതാക്കൾ നാലാംതരം തുല്യതാപരീക്ഷയും വിജയിച്ചു
- രണ്ടാംഘട്ടം കൊല്ലം (1,018), എറണാകുളം (765), കോഴിക്കോട് (1,227) ജില്ലകളിൽനിന്ന് ആകെ 3,010 പേർ പരീക്ഷ എഴുതി വിജയിച്ചു
- നാലാംതരം തുല്യതയ്ക്ക് 1,583 പേർ രജിസ്റ്റർ ചെയ്തു
- തീരദേശ മേഖലയിൽനിന്നുള്ള ഇൻസ്ട്രക്ടർമാർ പദ്ധതിയിൽ
- പദ്ധതി നടപ്പാക്കുന്നത് ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ



# അതിഥികൾക്ക് അറിവുമായി ചങ്ങാതി

## 'ചങ്ങാതി' ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാപദ്ധതി

- രണ്ടാംഘട്ടത്തിൽ പദ്ധതി വ്യാപിപ്പിച്ച 14 ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ:
  പഞ്ചായത്തുകൾ: **പഴയകുന്നുമ്മേൽ, മയ്യനാട്, ഇലന്തൂർ, പാണാവള്ളി, വാഴൂർ, നെടുമ്പാശേരി, കൈപറമ്പ്, വാണിയംകുളം, ഒളവണ്ണ, നാറാത്ത്, മഞ്ചേശ്വരം**
  നഗരസഭകൾ: **തൊടുപുഴ, തിരൂരങ്ങാടി, സുൽത്താൻ ബത്തേരി**
- രണ്ടാംഘട്ടത്തിലെ സർവേ പൂർത്തിയായി
- എല്ലാ ജില്ലകളിലും ക്ലാസുകൾ സജീവം

**ഇതുവരെ സാക്ഷരരായത് 2,752 ▪ പുതിയ രജിസ്ട്രേഷൻ 2,934**






**സംസ്ഥാനത്തൊട്ടാകെ 1,42,921 പുരാരേഖകൾ കണ്ടെത്തി**

# ചരിത്രം തേടി സമൂഹത്തിലേക്ക്

## പുരാരേഖാസർവേറിപ്പോർട്ട് പ്രകാശനം ചെയ്തു




- സാമൂഹ്യസാക്ഷരതാപദ്ധതിയുടെ ഭാഗമായി പുരാരേഖാവകുപ്പിന്റെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതി
- 2018 മെയ് 9 മുതൽ 30 വരെ സർവേ സംഘടിപ്പിച്ചു
- തുല്യതാപഠിതാക്കളുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമായാണ് പുരാരേഖാസർവേ സംഘടിപ്പിച്ചത്
- 37,951 തുല്യതാപഠിതാക്കൾ സർവേയിൽ പങ്കാളികളായി (21,501 സ്ത്രീകൾ; 16,420 പുരുഷന്മാർ; 30 ട്രാൻസ്ജൻഡർ)
- 42,635 വീടുകളിലും 1,259 സ്ഥാപനങ്ങളിലും സർവേ നടത്തി
- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി രവീന്ദ്രനാഥും ബഹു. തുറമുഖം, പുരാരേഖാ വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ചേർന്ന് ജൂലൈ 24ന് പുരാരേഖാസർവേറിപ്പോർട്ട് പ്രകാശനം ചെയ്തു

# ചരിത്രത്തിന്റെ വർത്തമാനങ്ങൾ

**പുരാരേഖാസർവേറിപ്പോർട്ടിന്റെ പ്രകാശനത്തോടനുബന്ധിച്ച് 'ചരിത്രത്തിന്റെ വർത്തമാനങ്ങൾ' സെമിനാർ 2019 ജൂലൈ 24, 25 തീയതികളിൽ തിരുവനന്തപുരം ശാസ്ത്രസാങ്കേതിക മ്യൂസിയം ഹാളിൽ സംഘടിപ്പിച്ചു.**

- ഡോ. രാജൻ ഗുരുക്കൾ, ഡോ. മൈക്കിൾ തരകൻ, ഡോ. സനൽമോഹൻ, പ്രൊഫ. വി കാർത്തികേയൻ നായർ, ഡോ. പി ജെ വിൻസെന്റ്, ഡോ. കെ എം ഷീബ, ഡോ. ജോയി ബാലൻ, ഡോ. ശ്രീദേവി പി അരവിന്ദ്, ശ്രീ. മലയിൻകീഴ് ഗോപാലകൃഷ്ണൻ, എന്നിവർ വിഷയാവതരണം നടത്തി
- അധ്യാപകർ, ഗവേഷകർ, ചരിത്ര വിദ്യാർത്ഥികൾ, തുല്യതാപഠിതാക്കൾ, തുടർ വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങി വിവിധ മേഖലയിൽ നിന്നുള്ളവർ പങ്കെടുത്തു
- വിഷയാവതരണത്തെ ആസ്പദമാക്കിയുള്ള പുസ്തകം സാക്ഷരതാമിഷൻ പുറത്തിറക്കും



## ജനപ്രിയചരിത്രം ചരിത്രമല്ല, ചരിത്രാഭാസമാണ്

ഡോ. കെ എൻ പണിക്കർ

ചരിത്രത്തിന്റെ വർത്തമാനം ജനപ്രിയചരിത്രത്തിന്റേതാണ്. ജനപ്രിയചരിത്രം ചരിത്രമല്ല, ചരിത്രാഭാസമാണ്. രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി പടച്ചുണ്ടാക്കുന്ന കഥകളാണ്. ഈ കഥകൾ ചരിത്ര സ്രോതസ്സുകളെ നിഷേധിക്കുന്നു. സ്രോതസ്സുകളെ അശാസ്ത്രീയമായി വ്യാഖ്യാനിക്കുന്നു. അങ്ങനെ ചരിത്രമില്ലാത്ത ഒരു ചരിത്രം സൃഷ്ടിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഇന്ത്യയിൽ വളർന്നു വന്നിട്ടുള്ളത് ഈ പ്രവണതയാണ്. ഇതിന്റെ ഫലമായി ഹിന്ദുമതാധിഷ്ഠിതമായ ഒരു ഭൂതകാലം യുവതലമുറയുടെ അവബോധരൂപീകരണത്തിൽ വേരൂന്നിക്കഴിഞ്ഞിരിക്കുന്നു.

(സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രശസ്ത ചരിത്രകാരൻ ഡോ. കെ എൻ പണിക്കർ നടത്തിയ പ്രഭാഷണത്തിൽനിന്ന്)



# അറിവിന്റെ നവചൈതന്യം

## 'നവചേതന' പട്ടികജാതി സാക്ഷരതാതുടർവിദ്യാഭ്യാസ പദ്ധതി

- രണ്ടാംഘട്ടം 100 കോളനികളിൽ പദ്ധതി ആരംഭിച്ചു
- ആദ്യഘട്ടത്തിൽ സാക്ഷരരായത് 1,756 പേർ
- ആദ്യഘട്ടത്തിൽ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് പ്രത്യേക ക്ലാസുകൾ
- രണ്ടാംഘട്ടത്തിൽ സാക്ഷരതയ്ക്ക് 2,358 പുതിയ രജിസ്ട്രേഷൻ
- ആദ്യഘട്ടത്തിൽ സാക്ഷരത നേടിയ 1,474 പഠിതാക്കൾ നാലാംതരം തുല്യതയിൽ രജിസ്റ്റർ ചെയ്തു

**ഇതുവരെ സാക്ഷരരായത് 1,756 ▪ പുതിയ രജിസ്ട്രേഷൻ 2,358**






**അക്ഷരലക്ഷം പദ്ധതിയിലൂടെ കഴിഞ്ഞവർഷം സാക്ഷരരായത് 42,933 പേർ**

**2000 കോളനികളിൽ പ്രത്യേക സാക്ഷരതാപദ്ധതി: പുതിയ രജിസ്ട്രേഷൻ 46,815**

# നാടുണരും നല്ലദിനങ്ങളിലേക്ക്

## 2000 കോളനികളിൽ പ്രത്യേക സാക്ഷരതാപരിപാടി

- പട്ടികജാതി, പട്ടികവർഗ, തീരദേശ മേഖലകൾക്ക് മുൻഗണന നൽകി ആരംഭിച്ച പദ്ധതി
- പിണറായി വിജയൻ സർക്കാർ 1000 നല്ലദിനങ്ങൾ പരിപാടിയിൽ ഉൾപ്പെടുത്തിയ സാക്ഷരതാമിഷന്റെ പദ്ധതി
- 46,815 പേർ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു, രജിസ്ട്രേഷൻ തുടരുന്നു
- പ്രേരക്മാരുടെ പ്രവർത്തനം കോളനികളിലേക്ക് വ്യാപിപ്പിച്ചു
- ആഗസ്റ്റ് 10 മുതൽ 31 വരെ 2000 കോളനികളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ **അക്ഷരയാത്ര**



# നഗരഹൃദയം തൊട്ട് അക്ഷരശ്രീ

## അക്ഷരശ്രീ

- തിരുവനന്തപുരം നഗരസഭയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതി
- തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിലും ക്ലാസുകൾ സജീവം
- പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും വിതരണം ചെയ്തു
- ഹയർ സെക്കൻഡറി തുല്യത അധ്യാപക സംഗമം ആഗസ്റ്റ് 3ന് സംഘടിപ്പിച്ചു
- സാക്ഷരത (2,500), നാലാംതരം (2,000), ഏഴാംതരം (1,500), പത്താംതരം (1,032), ഹയർ സെക്കൻഡറി (1,047) ക്ലാസുകളിൽ ആകെ 8,079 പഠിതാക്കൾ
- അക്ഷരശ്രീ പദ്ധതിയിൽ 574 ഇൻസ്ട്രക്ടർമാർ
- ഇൻസ്ട്രക്ടർമാർക്കും വാർഡ് കോ-ഓർഡിനേറ്റർമാർക്കും പ്രത്യേക പരിശീലനം നടന്നു

**തുല്യതാക്ലാസുകൾക്ക് 39 പഠനകേന്ദ്രങ്ങൾ ▪ ക്ലാസുകൾ അവധി ദിവസങ്ങളിൽ**





# തുടരട്ടേ വിദ്യാഭ്യാസം

## ജനകീയമാകുന്ന സാക്ഷരതാതുടർവിദ്യാഭ്യാസ പരിപാടികൾ

**ഇപ്പോൾ പഠനം നടത്തുന്നവർ (പ്രത്യേക പ്രോജക്ടുകൾ ഒഴികെ)**

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | സ്ത്രീ | പുരുഷൻ | ട്രാൻസ് ജൻഡർ | എസ് സി | എസ് ടി | ജനറൽ | ഭിന്നശേഷിയുള്ളവർ |
|---|---|---|---|---|---|---|---|---|
| ഹയർ സെക്കൻഡറി | 33,327 | 20,162 | 13,128 | 37 | 7,976 | 1,244 | 16,612 | 475 |
| പത്താംതരം | 34,737 | 15,888 | 18,820 | 29 | 8,051 | 1,419 | 17,917 | 759 |
| ഏഴാംതരം | 11,263 | 4,814 | 6,434 | 15 | 2,520 | 547 | 8,196 | 413 |
| നാലാംതരം | 31,189 | 25,335 | 5,842 | 3 | 9,578 | 2,861 | 18,682 | 1,405 |
| **ആകെ** | **1,10,516** | **66,199** | **44,224** | **84** | **28,125** | **6,071** | **61,407** | **3,052** |

**വിവിധ വർഷങ്ങളിൽ തുല്യതാ പരീക്ഷ വിജയിച്ചവർ**

| വർഷം | നാലാം തരം | ഏഴാം തരം | പത്താം തരം | ഹയർ സെക്കൻഡറി |
|---|---|---|---|---|
| 2015-16 | - | 3,433 | 14,995 | - |
| 2016-17 | - | 4,933 | 18,109 | 7,815 |
| 2017-18 | 1,778 | 3,807 | 15,653 | 6,019 |
| 2018-19 | 4,755 | 4,601 | ക്ലാസ് നടന്നുവരുന്നു | ക്ലാസ് നടന്നുവരുന്നു |
| **ആകെ** | **6,533** | **16,774** | **48,757** | **13,834** |

**പത്താംതരം, ഹയർ സെക്കൻഡറി തുല്യതാകോഴ്സ് പുതിയ ബാച്ച് രജിസ്ട്രേഷൻ ആരംഭിച്ചു**

**ആയിരം ദിനങ്ങൾക്കുള്ളിൽ സാക്ഷരരായത് 64,172 പേർ**

**പുതിയ രജിസ്ട്രേഷൻ: സാക്ഷരത - 63,338**



**പരീക്ഷ എഴുതിയത് 3,392**
**പുതിയ രജിസ്ട്രേഷൻ 4,330**



## സാക്ഷരതാകാഴ്ചകൾ





# ഭാഷാജ്ഞാനം കൈവരിച്ച് പുതുതലമുറ

## പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ

- ആദ്യ രണ്ട് ബാച്ചുകൾ പൂർത്തിയായി
- രണ്ടാം ബാച്ചിൽ പരീക്ഷ എഴുതിയത് 3,392 പേർ
- മൂന്നാം ബാച്ച് ക്ലാസുകൾ ആഗസ്റ്റിൽ



കാൻഫെഡ് പുരസ്കാരം ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽനിന്ന് സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല ഏറ്റുവാങ്ങുന്നു



Edited, Printed & Published by Dr. P.S.Sreekala, Director
Kerala State Literacy Mission Authority, Thiruvananthapuram. Printed at Vision Grafix, TVM. Ph: 0471-2340914